# എസ്.എസ്.എൽ.സി. മാതൃകാചോദ്യപേപ്പർ 2020–21

## സാമൂഹ്യശാസ്ത്രം

STD X

MAX. MARKS : 80
TIME : $2^1/_2$Hrs

**പൊതുനിർദദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

**a മുതൽ l വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം 12x1 = 12**

a) 'സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എല്ലായിടങ്ങളിലും ചങ്ങലകളാൽ ബന്ധിതനാണ്' എന്ന് അഭിപ്രായപ്പെട്ടത്
(റൂസ്സോ, വോൾട്ടയർ, മോണ്ടസ്ക്യൂ)

b) ഇന്ത്യയുടെ ആദ്യത്തെ ചാന്ദ്രപരീക്ഷണ ദൗത്യം എന്ത് പേരിൽ അറിയപ്പെടുന്നു ?
(മംഗൾയാൻ, ചാന്ദ്രയാൻ, അപ്പോളോ)

c) നിസ്സഹകരണ സമരം പിൻവലിക്കുവാനിടയായ സംഭവം താഴെപറയുന്നവയിൽ ഏതാണ്. ?
(ജാലിയൻവാലാബാഗ് കൂട്ടക്കൊല, ചൗരിചൗരാ, കീഴരിയൂർ ബോംബ് കേസ്)

d) ഇന്ത്യയില ഏറ്റവും പഴക്കം ചെന്ന ഭൂവിഭാഗം ഏത് ?
(ഉത്തരമഹാസമതലം, ഉപദ്വീപീയ പീഠഭൂമി, ഉത്തര പർവ്വതമേഖല)

e) ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ആത്യന്തിക ലക്ഷ്യം "പൂർണ്ണസ്വരാജ് ആണ്" എന്ന് പ്രഖ്യാപിച്ച, ലാഹോർ കോൺഗ്രസ്സ് സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചത് ആര് ?
(ഗാന്ധിജി, ജവഹർലാൽ നെഹ്റു, സി.ആർ.ദാസ്)

f) അമേരിക്കയിലെ 13 കോളനികളിലെ സ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ട് ഇംഗ്ലണ്ട് ഒപ്പുവെച്ച കരാർ ഏത് ?
(വേഴ്സായി സന്ധി, പാരീസ് ഉടമ്പടി, ഓസ്ലോ കരാർ)

g) നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനായി സർദാർ വല്ലഭായ് പട്ടേലിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറി ആരായിരുന്നു ?
(എം.എസ്. ഖുസ്രു, വി.പി.മേനോൻ, കെ.എം. പണിക്കർ)

h) യുവാക്കളിൽ നൈപുണി കണ്ടെത്താനും വൈദഗ്ദ്യം പരിപോഷിപ്പിക്കുവാനുമായി രൂപീകരിച്ച പദ്ധതി ഏത് ?
(ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, രാഷ്ട്രീയ ഉച്ചസ്തൽ അഭിയാൻ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് & മോണിറ്ററിംഗ്)

i) അന്താരാഷ്ട്ര ദിനാങ്കരേഖയുടെ സവിശേഷതകൾ അല്ലാത്തത് ?
എ) $180^0$ രേഖാംശരേഖയാണ്, ബി) ഇത് നേർരേഖയല്ല
സി) ഇംഗ്ലണ്ടിലെ ഗ്രീനിച്ച് പട്ടണത്തിലൂടെ കടന്നുപോകുന്നു.

j) ഭൂമിയുടെ ഭ്രമണം
(കിഴക്ക്നിന്ന് പടിഞ്ഞാറോട്ട്, പടിഞ്ഞാറ് നിന്ന് കിഴക്കോട്ട്, തെക്ക് നിന്ന് പടിഞ്ഞാറോട്ട്)

k) ശബരീനദി പോഷക നദിയായിട്ടുള്ള ഉപദ്വീപീയ നദി ഏതാണ് ?
(ഗോദാവരി, കാവേരി, താപ്തി)

l) സ്ത്രീ-പുരുഷ അനുപാതം കൂടിയ ഇന്ത്യൻ സംസ്ഥാനം ?
(ഹരിയാന, കേരളം, പഞ്ചാബ്)

2) അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിനാസ്പദമായ കാരണങ്ങൾ എന്തെല്ലാം ?

3) ഭരണനവീകരണത്തിനായി ഇന്ത്യയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

4) ഗ്രീനിച്ച് സമയം 10 a.m. ആയിരിക്കുമ്പോൾ താഴെ തന്നിരിക്കുന്ന രേഖാംശങ്ങളിലെ സമയം എത്രയായിരിക്കും ?
($75^0$E, $60^0$W, $135^0$E )

5) ഫ്രഞ്ച് വിപ്ലവത്തിന്റെ സാമൂഹ്യ കാരണങ്ങൾ എന്തെല്ലാം ?

6) ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങൾ ഏതൊക്കെ ?

7) സമരാത്ര ദിനങ്ങൾ എന്നാൽ എന്ത് ?

8) സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ രൂപീകരിച്ച വിദ്യാഭ്യാസ കമ്മീഷനുകൾ ഏതൊക്കെ ?

9) പൊതുഭരണത്തെക്കുറിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാട് എപ്രകാരമായിരുന്നു. ?

10) സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗത്ത് കൈവരിച്ച ഏതെങ്കിലും 3 നേട്ടങ്ങൾ എഴുതുക.

11) വിദ്യാഭ്യാസം, സാമ്പത്തിക വികസനത്തെ എപ്രകാരമാണ് സഹായിക്കുന്നത് ?

12) ഉപദ്വീപീയ പീഠഭൂമികളിൽ കാണപ്പെടുന്ന മണ്ണിനങ്ങളുമായി ബന്ധപ്പെട്ട് താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
എ) പരുത്തികൃഷിക്ക് അനുയോജ്യമായ മണ്ണ്
ബി) ഇത് എപ്രകാരമാണ് രൂപപ്പെടുന്നത്
സി) ഇടയ്ക്കിടെ ഉണ്ടാകുന്ന മൺസൂൺ കാലാവസ്ഥയും വേനലും ഈ മണ്ണ് രൂപീകരണത്തെ സഹായിക്കുന്നു. ഏത് മണ്ണ് ?

13) ട്രാൻസ് ഹിമാലയത്തിലെ പ്രധാന പർവ്വതനിരകൾ ഏതെല്ലാം ?

14) ഭൂമിയുടെ ഭ്രമണവുമായി ബന്ധപ്പെടുത്തി പറയാവുന്ന വസ്തുതകൾ എന്തെല്ലാം ?

15) ഡെൽറ്റകൾ രൂപംകൊള്ളുന്നത് കിഴക്കൻ തീരസമതലങ്ങളിൽ മാത്രമാണ്. പടിഞ്ഞാറൻ തീരസമതലങ്ങളിൽ അവ രൂപപ്പെടാറില്ല. എന്തുകൊണ്ട് ?

16) ചികിത്സാരംഗത്ത് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനങ്ങൾ ഏതൊക്കെ ?

17) ഉപ്പ് ഒരു സമരായുധമായി തെരഞ്ഞെടുക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം ?

18) ഇന്ത്യയിലെ കാർഷിക കാലങ്ങൾ ഏതൊക്കെ ?

19) സഹകരണബാങ്കുകളുടെ മുഖ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ?

20) ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണ ലക്ഷ്യങ്ങൾ എന്തെല്ലാം ? ഇതിന്റെ രൂപീകരണത്തിനായി നേതൃത്വം നൽകിയ പ്രധാന നേതാക്കൾ ആരെല്ലാം ?

21) ചോർച്ചാസിദ്ധാന്തം എന്നാൽ എന്ത് ? ആരാണ് ഇതിന്റെ ഉപജ്ഞാതാവ് ?

22) വിദ്യാഭ്യാസം എപ്രകാരമാണ് ഇന്ത്യൻ ദേശീയതയെ പരിപോഷിപ്പിച്ചത് ?

23) ബ്രിട്ടീഷുകാർ കേരളത്തിലെ ഭൂവുടമാ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങൾ ആണ് കൊണ്ട് വന്നിരുന്നത് ?

24) പ്രത്യക്ഷ നികുതി എന്നാൽ എന്ത് ? പ്രത്യക്ഷ നികുതിക്ക് 2 ഉദാഹരണങ്ങൾ എഴുതുക.

25) നാട്ടുരാജ്യങ്ങളുടെ സംയോജനം ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികളിൽ ഒന്നായിരുന്നു. ഈ പ്രശ്നം എങ്ങനെയാണ് ഇന്ത്യ പരിഹരിച്ചത് ?

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 മാർക്ക്**

26) വളരെ പെട്ടെന്ന് തന്നെ ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ ഗാന്ധിജിക്ക് കഴിഞ്ഞു. അതിന്റെ കാരണങ്ങൾ എന്തെല്ലാം ?

27) ചേരുംപടി ചേർക്കുക.

| A | B |
|---|---|
| ജയിംസ് മാഡിസൺ | പ്രാതിനിധ്യമില്ലാതെ നികുതിയില്ല |
| തോമസ് പെയിൻ | അമേരിക്കൻ ഭരണഘടന |
| തോമസ് ജഫേഴ്സൺ | സ്വാതന്ത്ര്യ പ്രഖ്യാപനം |
| ജയിംസ് ഓട്ടീസ് | കോമൺസെൻസ് |

28) ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഘടന വിശദമാക്കുക

29) ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുവാനിടയായ സാഹചര്യം വിശദമാക്കുക.

30) ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാക്കൾ ആരൊക്കെയായിരുന്നു ? ഗാന്ധിജി, എന്തുകൊണ്ടായിരുന്നു ഖിലാഫത്ത് പ്രസ്ഥാനവുമായി സഹകരിച്ച് പ്രവർത്തിക്കാൻ തയ്യാറായത്?

31) **പട്ടിക പൂർത്തിയാക്കുക.**

| ഭൂമി–ഭ്രമണം–പരിക്രമണം | ആവശ്യമായ സമയം |
|---|---|
| $1^{\circ}$ കറങ്ങാൻ | |
| $15^{\circ}$ കറങ്ങാൻ | |
| ഒരു പരിക്രമണം പൂർത്തിയാക്കാൻ | |
| ഒരു ഭ്രമണം പൂർത്തിയാക്കാൻ | |

32) ഉപദ്വീപീയ പീഠഭൂമിയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം ?

33) മെച്ചപ്പെട്ട മാനവവിഭവത്തിന്റെ പ്രയോജനങ്ങൾ എന്തെല്ലാം ?

34) തന്നിരിക്കുന്ന ഇന്ത്യയുടെ രേഖാഭൂപടത്തിൽ താഴെപറയുന്നവ രേഖപ്പെടുത്തുക.

എ) മഹാനദി ബി) മാൾവാ പീഠഭൂമി സി) മിസ്സോ കുന്നുകൾ

ഡി) കാരക്കോറം

35) കേരളത്തിന്റെ നവോത്ഥാനത്തിനായി ശ്രീനാരായണ ഗുരു വഹിച്ച പങ്ക് വിലയിരുത്തുക.

36) രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ ഏതെല്ലാം ?

37) കടൽക്കാറ്റും കരക്കാറ്റും താരതമ്യം ചെയ്യുക.

38) താഴെ തന്നിരിക്കുന്ന ഭൂപടചിഹ്നങ്ങൾ ഓരോന്നും ഏത് ഭൂതല സവിശേഷതകളെയാണ് ചിത്രീകരിക്കുന്നത് ?

| ചിഹ്നങ്ങൾ | സവിശേഷതകൾ |
|---|---|
|  | |
|  | |
|  | |
|  | |

**39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 മാർക്ക്**

39) റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ എന്തെല്ലാം ?

40) നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

41) ഉപദ്വീപീയ നദികളും ഹിമാലയൻ നദികളും താരതമ്യം ചെയ്യുക.

42) ആഗോള മർദ്ദമേഖലകൾ എന്നാൽ എന്ത് ? പ്രധാന ആഗോളമർദ്ദമേഖലകൾ ഏതൊക്കെ ?

34

